സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com | വാല്യം: 59 | ലക്കം: 239 | 2025 ജനുവരി 14 ചൊവ്വ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

### കൊച്ചിയിൽ ഫ്ളാറ്റിലെ സ്വിമ്മിംഗ് പൂളിന് സമീപം പതിനേഴുകാരനെ മരിച്ചനിലയിൽ കണ്ടെത്തി

കൊച്ചി: ഫ്ളാറ്റിലെ സ്വിമ്മിംഗ് പൂളിന് സമീപം പതിനേഴുകാരനെ മരിച്ചനിലയിൽ കണ്ടെത്തി. പ്ലസ് വൺ വിദ്യാർത്ഥിയായ ജോഷ്വ ആണ് മരിച്ചത്. എറണാകുളം തൃക്കാക്കരയിൽ സ്കൈലൈൻ ഫ്ളാറ്റിലാണ് സംഭവം. കുട്ടി ഫ്ളാറ്റിൽ നിന്ന് വീണതാണെന്നാണ് സൂചന. ഈ ഫ്ളാറ്റിലെ നാലാം നിലയിലാണ് കുട്ടിയും കുടുംബവും താമസിക്കുന്നത്. ഇന്നലെ അർദ്ധരാത്രി പന്ത്രണ്ടോടെയാണ് സംഭവമെന്നാണ് സൂചന. പൊലീസ് സ്ഥലത്തെത്തി ഇൻക്വസ്റ്റ് നടപടികൾ ആരംഭിച്ചു. മൃതദേഹം കളമശ്ശേരി മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുക്കും.

# ബോബി ചെമ്മണ്ണൂർ പുറത്തേക്ക്

## ജാമ്യം നൽകാമെന്ന് കോടതി; ഉത്തരവ് വൈകിട്ട്



കൊച്ചി: നടി ഹണി റോസിനെതിരായ ലൈംഗികാധിക്ഷേപ കേസിൽ വ്യവസായി ബോബി ചെമ്മണ്ണൂരിന്റെ ജാമ്യാപേക്ഷയിൽ ഇന്ന് ഉച്ചതിരിഞ്ഞ് 3.30ന് ഉത്തരവുണ്ടാകും. ബോബി ചെമ്മണ്ണൂരിന് ജാമ്യം അനുവദിക്കാമെന്ന് ഹൈക്കോടതി വാക്കാൽ പരാമർശിച്ചിരുന്നു. കസ്റ്റഡി വേണ്ടെന്നാണ് പൊലീസിന്റെ നിലപാട്. ഇതുകൂടി പരിഗണിച്ചാണ് കോടതിയുടെ തീരുമാനമെന്നാണ് സൂചന. പക്ഷേ ഉത്തരവ് വൈകിട്ടത്തേക്ക് മാറ്റുകയായിരുന്നു.

ബോബി ചെമ്മണ്ണൂരിന്റെ ദ്വയാർത്ഥ പ്രയോഗങ്ങളടക്കം കോടതി പരിഗണിച്ചിരുന്നു. ഇത്തരം പരാമർശങ്ങളുടെ പരിണിത ഫലം പൊതുജനം മനസിലാക്കണമെന്നും കോടതി നിരീക്ഷിച്ചു. എന്തിനാണ് ഇത്തരത്തിലുള്ള പരാമർശങ്ങൾ നടത്തുന്നതെന്നും കോടതി ചോദിച്ചു. സമൂഹത്തിന് മുഴുവൻ പാഠമാകുന്ന തീരുമാനമാകണമെന്നാണ് പ്രോസിക്യൂഷന്റെ ആവശ്യം.

പക്ഷേ ഇത്തരത്തിലുള്ള പരാമർശങ്ങൾ ബോബി ചെമ്മണ്ണൂരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടെന്നും പ്രോസിക്യൂഷൻ വാദിച്ചു. ഉപാധികളോടെ ജാമ്യം നൽകാമെന്നും പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചു.

അതേസമയം, തനിക്കെതിരെയുള്ളത് ഗുരുതരമായ ആരോപണങ്ങൾ അല്ലെന്നും പൊലീസിന്റെ ചോദ്യം ചെയ്യൽ അവസാനിച്ചിരിക്കുന്നതിനാൽ ജാമ്യം നൽകണമെന്നുമായിരുന്നു ബോബി ചെമ്മണ്ണൂരിന്റെ ആവശ്യം. എറണാകുളം ഫസ്റ്റ്ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ജാമ്യം നിഷേധിച്ചതിന് പിന്നാലെയാണ് 14ദിവസത്തേക്ക് ബോബിയെ റിമാൻഡ് ചെയ്തത്. ജാമ്യമില്ലാ വകുപ്പുകൾ ചുമത്തിയാണ് ബോബിക്കെതിരെ പൊലീസ് കേസെടുത്തിരിക്കുന്നത്.

കഴിഞ്ഞ ബുധനാഴ്ച വയനാട്ടിലെ റിസോർട്ടിന് സമീപത്തുനിന്നാണ് ബോബി ചെമ്മണ്ണൂരിനെ പൊലീസ് കസ്റ്റഡിയിലെടുത്തത്. അന്ന് വൈകിട്ടോടെ അറസ്റ്റ് രേഖപ്പെടുത്തി. ജാമ്യ ഹർജി തള്ളിയ വിധി കേട്ടയുടൻ പ്രതിക്ക് ബിപി കൂടുകയും ദേഹാസ്വാസ്ഥ്യം ഉണ്ടാവുകയും ചെയ്തിരുന്നു. തുടർന്ന് കോടതിമുറിയിൽ വിശ്രമിക്കാൻ അനുവദിച്ചു. വൈദ്യ പരിശോധനയ്ക്ക് ശേഷമാണ് കാക്കനാട് ജയിലിലേക്ക് മാറ്റിയത്.

## ‘എന്തിനാണ് ഇയാൾ ഇങ്ങനെയൊക്കെ കാണിക്കുന്നത്? നടി അപ്പോൾ പ്രതികരിക്കാതിരുന്നത് അവരുടെ മാന്യതകൊണ്ട്’

കൊച്ചി: ബോബി ചെമ്മണ്ണൂരിന്റെ ജാമ്യഹർജിയിൽ കോടതിയിൽ നടന്നത് മിനിറ്റുകൾ മാത്രം നീണ്ടുനിന്ന വാദം. ഇനി കസ്റ്റഡി അനിവാര്യമല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് നടി ഹണി റോസിനെതിരേ അധിക്ഷേപം നടത്തിയെന്ന കേസിൽ ബോബി ചെമ്മണൂരിന് ഹൈക്കോടതി ജാമ്യം നൽകാമെന്ന് വ്യക്തമാക്കിയത്. വൈകീട്ട് 3.30ഓടെ ഇതുസംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങും. ഇതിനു പിന്നാലെ ബോബിക്ക് ജയിൽ മോചിതനാകാം.

ജസ്റ്റിസ് പി.വി.കുഞ്ഞികൃഷ്ണൻ അധ്യക്ഷനായ സിംഗിൾ ബെഞ്ചാണ് ബോബി ചെമ്മണൂരിന്റെ ജാമ്യഹർജി പരിഗണിച്ചത്. പ്രതിക്ക് ജാമ്യം അനുവദിക്കുന്നതിനെ പ്രോസിക്യൂഷൻ ശക്തമായി എതിർത്തു. പ്രതി നടിയെ നിരന്തരം പിന്തുടർന്ന് അധിക്ഷേപിച്ചെന്നും അശ്ലീല പരാമർശങ്ങൾ നടത്തിയെന്നും പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചു.

പ്രതി സ്ഥിരമായി ഇത്തരം പരാമർശങ്ങൾ നടത്തുന്നയാളാണ്. ഈ സംഭവം സമൂഹത്തിന് ഒരു സന്ദേശമാകണമെന്നും പ്രതിക്ക് ജാമ്യം നൽകരുതെന്നും പ്രോസിക്യൂഷൻ വാദിച്ചു. എന്നാൽ, പ്രതി റിമാൻഡിലായതോടെ തന്നെ സമൂഹത്തിന് സന്ദേശം ലഭിച്ചുകഴിഞ്ഞെന്നായിരുന്നു കോടതിയുടെ മറുപടി.

അതിനിടെ, ബോബി ചെമ്മണൂരിന്റെ ജൂവലറിയുടെ ഉദ്ഘാടനചടങ്ങിലെ ചില ദൃശ്യങ്ങളും പ്രോസിക്യൂഷനും പ്രതിഭാഗവും കോടതിയിൽ ഹാജരാക്കി. എന്തിനാണ് ഇയാൾ ഇങ്ങനെയൊക്കെ കാണിക്കുന്നതെന്നായിരുന്നു ദൃശ്യങ്ങൾ കണ്ടശേഷം കോടതിയുടെ ചോദ്യം. അതേസമയം, സംഭവം നടന്ന സമയത്ത് നടി പരാതികളൊന്നും ഉന്നയിച്ചില്ലെന്നായിരുന്നു പ്രതിഭാഗത്തിന്റെ വാദം. എന്നാൽ, നടിയുടെ മാന്യത കൊണ്ടാണ് അവർ ആ ചടങ്ങിൽവെച്ച് പ്രതികരിക്കാതിരുന്നതെന്ന് കോടതി രൂക്ഷമായ ഭാഷയിൽ പറഞ്ഞു. ഇത്തരം പരാമർശങ്ങൾ നടത്തിയാലുണ്ടാകുന്ന പ്രത്യാഘാതം ജനം മനസിലാക്കണമെന്നും കോടതി പറഞ്ഞു.

## നെയ്യാറ്റിൻകര സമാധി വിവാദം; നിയമപരമായി നേരിടുമെന്ന് ഗോപൻ സ്വാമിയുടെ മകൻ



നെയ്യാറ്റിൻകര: ഗോപൻ സ്വാമിയുടെ വിവാദ സമാധി കല്ലറ പൊളിക്കുന്നതിനുള്ള പുതിയ തിയ്യതി ഇന്നറിയാം. പൊലീസ് നൽകുന്ന പുതിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും സബ് കലക്ടർ തീരുമാനമെടുക്കുക. അതേസമയം കല്ലറ പൊളിക്കാൻ അനുവദിക്കില്ലെന്ന് ഗോപൻ സ്വാമിയുടെ മകൻ സനന്ദനൻ. കല്ലറ പൊളിക്കാനുള്ള തീരുമാനം മതവികാരം വ്രണപ്പെടുത്തുന്നതാണെന്നും പൊലീസ് നോട്ടിസ് നൽകിയിട്ടില്ല, മൊഴി എടുത്തിരുന്നുവെന്നും സനന്ദൻ. സമാധി പോസ്റ്റർ അടിച്ചത് താൻ തന്നെയെന്നും നിയമനടപടി ഹിന്ദു ഐക്യവേദി തീരുമാനിക്കുമെന്നും മകൻ.

ഗോപൻ സ്വാമിയുടെ കുടുംബാംഗങ്ങളുടെ പ്രതിഷേധവും പ്രദേശത്ത് സംഘർഷാവസ്ഥ നിലനിന്നതും കാരണം കല്ലറ പൊളിക്കുന്നത് ഇന്നലെ നിർത്തിവക്കേണ്ടി വന്നിരുന്നു. അസിസ്റ്റൻറ് കലകട്റും പൊലീസും ചർച്ച നടത്തിയെങ്കിലും കുടുംബാംഗങ്ങൾ അനുനയത്തിന് വഴങ്ങിയിട്ടില്ല. കല്ലറ പൊളിക്കാനുള്ള കലക്ടറുടെ ഉത്തരവിന്റെ പകർപ്പ് കുടംബാംഗങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഇതിനെതിരെ ഇവർ കോടതിയെ സമീപിക്കുമെന്നാണ് അറിയുന്നത്. അങ്ങനെയാണെങ്കിൽ കോടതി ഉത്തരവിന് അനുസരിച്ചായിരിക്കും തുടർ നടപടി.

ശനിയാഴ്ച രാവിലെയാണ് 78 വയസ്സുകാരനായ നെയ്യാറ്റിൻകര ഗോപൻ സ്വാമി മരിച്ചത് എന്നാണ് മകൻ സനന്ദൻ പറയുന്നത്. മക്കളായ സനന്ദനും രാജസേനനും ചേർന്നാണ് വീടിനടുത്ത് സംസ്കാരം നടത്തി അവിടെ സമാധി മണ്ഡപം സ്ഥാപിച്ചത്. സ്വാമിയെ കാണാനില്ലെന്ന അയൽവാസിയുടെ പരാതിയിൽ പൊലീസ് കേസെടുത്തിരുന്നു. തുടർന്ന് സ്വാമിയുടെ മൃതദേഹം കല്ലറ തുറന്ന് പുറത്തെടുക്കാൻ പൊലീസ് കലക്ടറുടെ അനുമതി തേടുകയായിരുന്നു.

പട്ടാപ്പകൽ തുറന്ന സ്ഥലത്ത് നടന്ന ഈ കാര്യങ്ങളൊന്നും നാട്ടുകാരോ അയൽവാസികളോ ആരും കണ്ടവരില്ല. അതുതന്നെയാണ് ദുരൂഹത ആരോപിക്കുന്നതിന്റെ കാരണം. നാട്ടുകാർ ദുരൂഹത ആരോപിച്ചതോടെ സമാധി മണ്ഡപമെന്ന പേരിൽ കെട്ടിയ കല്ലറ ശനിയാഴ്ച വൈകീട്ടോടെ പൊലീസ് സീൽ ചെയ്തു. ബന്ധുക്കൾ പരാതി നൽകാത്ത സാഹചര്യത്തിൽ സ്വാമിയെ കാണാനില്ലെന്ന അയൽവാസിയുടെ പരാതിയിൽ പൊലീസ് കേസെടുത്തു.

## വയനാട് ദുരന്തം; കാണാതായവരെ മരിച്ചതായി കണക്കാക്കും, സുപ്രധാന തീരുമാനവുമായി സംസ്ഥാന സർക്കാർ



തിരു : വയനാട് ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട് സുപ്രധാന തീരുമാനമെടുത്ത് സംസ്ഥാന സർക്കാർ. ഉരുൾപൊട്ടലിനെ തുടർന്ന് കാണാതായവരെ മരിച്ചതായി കണക്കാക്കാനാണ് പുതിയ തീരുമാനം. ഇതിനായി പട്ടിക തയ്യാറാക്കും. മരിച്ചവർക്കുള്ള ധനസഹായത്തിന് രണ്ട് സമിതികൾ രൂപീകരിക്കുകയും ചെയ്തു. തുടർ നടപടികൾക്കായി പ്രാദേശിക സമിതിയും സംസ്ഥാന തല സമിതിയുമാണ് രൂപീകരിക്കുക. പ്രാദേശിക സമിതിയാണ് മരിച്ചവരുടെ പട്ടിക തയ്യാറാക്കുക.


കാണാതായവരുടെ കുടുംബത്തിനും സഹായം എന്നത് ദുരിത ബാധിതരുടെ പ്രധാന ആവശ്യമായിരുന്നു. ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തമുണ്ടായി നാല് മാസം പിന്നിട്ടിട്ടും 32പേർ ഇനിയും കാണാമറയത്താണ്.

ദിവസങ്ങൾക്ക് മുമ്പാണ് വയനാട് ഉരുൾപൊട്ടൽ അതീതീവ്ര ദുരന്തമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചത്. കേരളത്തിന്റെ നിരന്തരമായുള്ള അഭ്യർത്ഥനയ്ക്ക് പിന്നാലെയാണ് കേന്ദ്രം അംഗീകാരം നൽകിയത്. എന്നാൽ, കേരളത്തിന് പ്രത്യേക ധനസഹായം പ്രഖ്യാപിക്കുന്നതിൽ ഇപ്പോഴും തീരുമാനം ആയിട്ടില്ല. ദുരന്ത നിവാരണ നിധിയിലേക്ക് ഇതിനകം പണം കൈമാറിയിട്ടുണ്ടെന്നും കേന്ദ്രത്തിന്റെ കത്തിൽ പറഞ്ഞിരുന്നു.

കേന്ദ്ര ആഭ്യന്തരമന്ത്രാലയം ജോയിന്റ് സെക്രട്ടറി ഡോ. രാജേഷ് ഗുപ്ത, പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാളിന് അയച്ച കത്തിലാണ് വയനാട് ദുരന്തം അതിതീവ്ര ദുരന്തമായി പ്രഖ്യാപിക്കണമെന്ന ആവശ്യം അംഗീകരിച്ചതായി അറിയിച്ചത്. ഇക്കാര്യം പാർലമെന്റിൽ കേന്ദ്ര ആഭ്യന്തരമന്ത്രാലയം നേരത്തെ അറിയിച്ചിരുന്നു. അതിതീവ്ര ദുരന്തമായാൽ എസ്ഡിആർ ഫണ്ടിൽ നിന്നുള്ള സാമ്പത്തിക സഹായമാണ് ലഭിക്കുകയെന്നും അത് കൈമാറിയെന്നും കത്തിൽ വ്യക്തമാക്കിയിരുന്നു.

പ്രിയങ്ക ഗാന്ധിയുടെ നേതൃത്വത്തിൽ കേരളത്തിൽ നിന്നുള്ള 23 എംപിമാർ ആഭ്യന്തര മന്ത്രി അമിത് ഷായെ കണ്ട് വയനാടിന് ഉടൻ സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഉടനുണ്ടാകുമെന്ന മറുപടി ലഭിച്ചിരുന്നു. ആവശ്യം അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്നും കേരളം അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ, ഇത് സംബന്ധിച്ച യാതൊരു സൂചനയും കത്തിൽ ഉണ്ടായിരുന്നില്ല.

## ഇന്ത്യക്ക് യഥാർത്ഥത്തിൽ സ്വാതന്ത്ര്യം ലഭിച്ചത് രാമക്ഷേത്ര പ്രതിഷ്ഠാദിനത്തിൽ: മോഹൻ ഭഗവത്



ഇൻഡോർ: അയോദ്ധ്യയിലെ രാമക്ഷേത്ര പ്രതിഷ്ഠാ ദിനത്തിലാണ് ഇന്ത്യയ്ക്ക് യഥാർത്ഥത്തിൽ സ്വാതന്ത്ര്യം ലഭിച്ചതെന്ന് ആർഎസ്എസ് മേധാവി മോഹൻ ഭഗവത്. രാമക്ഷേത്ര പ്രതിഷ്ഠാദിനം പ്രതിഷ്ഠാ ദ്വാദശിയായി ആഘോഷിക്കണമെന്നും മോഹൻ ഭഗവത് ആവശ്യപ്പെട്ടു. ഇൻഡോറിൽ ശ്രീരാമജന്മഭൂമി തീർത്ഥ ക്ഷേത്ര ട്രസ്റ്റ് ജനറൽ സെക്രട്ടറി ചമ്പത് റായിക്ക് ദേശീയ ദേവി അഹല്യ പുരസ്കാരം സമ്മാനിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

2024 ജനുവരി 22 ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ നടന്ന ചടങ്ങിലാണ് അയോദ്ധ്യയിലെ ക്ഷേത്രത്തിൽ രാം ലല്ലയുടെ വിഗ്രഹം പ്രതിഷ്ഠിച്ചത്. ഹിന്ദു ചാന്ദ്ര കലണ്ടർ അനുസരിച്ച്, 2025 ജനുവരി 11 ന് പ്രതിഷ്ഠാ ചടങ്ങ് നടന്ന് ഒരു വർഷം പൂർത്തിയായി. ഈ ദിനത്തിലാണ് ഇന്ത്യയ്ക്ക് യഥാർത്ഥ സ്വാതന്ത്ര്യം ലഭിച്ചതെന്നാണ് മോഹൻ ഭഗവത് പറയുന്നത്.

ആരെയും എതിർക്കാനല്ല രാമക്ഷേത്ര പ്രസ്ഥാനം ആരംഭിച്ചതെന്നും ഭഗവത് പറഞ്ഞു. രാജ്യത്തിന് സ്വന്തം കാലിൽ നിൽക്കാനും ലോകത്തിന് വഴികാട്ടാനും ഭാരതത്തെ സ്വയം ഉണർത്താനുമാണ്. കഴിഞ്ഞ വർഷം അയോദ്ധ്യയിലെ രാമക്ഷേത്ര പ്രതിഷ്ഠാ വേളയിൽ രാജ്യത്ത് ഭിന്നതയൊന്നും ഉണ്ടായിട്ടില്ലെന്ന് ഭാഗവത് ചൂണ്ടിക്കാട്ടി.

അതേസമയം, രാമക്ഷേത്ര പ്രതിഷ്ഠാ ദിന വാർഷികാഘോഷത്തിന്റെ ഭാഗമായി മൂന്ന് ദിവസത്തെ ആഘോഷ പരിപാടികൾ യുപി സർക്കാർ നടത്തിയിരുന്നു. ആഘോഷവുമായി ബന്ധപ്പെട്ട പരിപാടികൾ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് രാംലല്ല പ്രതിഷ്ഠയിൽ അഭിഷേകം നടത്തി ഉദ്ഘാടനം ചെയ്തിരുന്നു. ഇന്നലെയായിരുന്നു പരിപാടി അവസാനിച്ചത്.

## സ്വർണവിലയിൽ നേരിയ ഇടിവ്

തൃശൂർ: സംസ്ഥാനത്ത് സ്വർണവിലയിൽ നേരിയ ഇടിവ്. പവന് 80 രൂപ കുറഞ്ഞ് 58,640 രൂപയായി. ഒരു ഗ്രാം സ്വർണത്തിന്റെ വില 7330 രൂപയാണ്.

രാജ്യത്തെ കമ്മോഡിറ്റി എക്സ്ചേഞ്ച് ആയ എംസിഎക്സിൽ 10 ഗ്രാം 24 കാരറ്റ് സ്വർണ വില 79813 രൂപയാണ്. അന്താരാഷ്ട്ര വിപണിയിൽ സ്പോട് ഗോൾഡിന് ട്രോയ് ഔൺസിനു 2,669.85 ഡോളർ നിലവാരത്തിലുമാണ് വ്യാപാരം നടക്കുന്നത്.

## എസ്എഫ്ഐയുടെ അവസ്ഥക്ക് കാരണം കെഎസ്‌യുവും ലഹരിയും; സുരേഷ് കുറുപ്പ്



കോട്ടയം: എസ്എഫ്ഐയ്ക്ക് സ്വയം നിയന്ത്രണം ആവശ്യമാണെന്ന് സിപിഎം നേതാവ് കെ. സുരേഷ് കുറുപ്പ്. ക്യാമ്പസുകളിൽ ആരാലും ചോദ്യം ചെയ്യപ്പെടാൻ ഇല്ലാത്തതും, ലഹരിയുടെ ഉപയോഗവുമെല്ലാം എസ്എഫ്ഐയുടെ ഇന്നത്തെ അവസ്ഥയ്ക്ക് കാരണമാണെന്ന് ആദ്യകാല എസ്എഫ്ഐ നേതാവ് കൂടിയായ സുരേഷ് കുറുപ്പ് പറയുന്നു.

“പണ്ട് വിദ്യാർത്ഥി സംഘടനകൾക്കും അതിന്റെ ഭാരവാഹികൾക്കുമെല്ലാം വലിയ പ്രാധാന്യമുണ്ടായിരുന്നു. പ്രത്യേകിച്ച് കേരളത്തിലെ പത്രങ്ങൾ കെഎസ്‌യുവിന്റെ നേതൃനിരയ്ക്ക് വലിയ പ്രാധാന്യം കൊടുത്തു. എസ്എഫ്ഐയുടെ ഇപ്പോഴുള്ള പ്രശ്നം ഞാൻ മനസിലാക്കിയിടത്തോളം, ക്യാമ്പസുകളിലെ അവരുടെ അപ്രമാദിത്തമാണ്. അവർക്ക് എതിരാളികളില്ലാതായി. പൂർവ വിദ്യാർത്ഥി സംഘടന പോലെയാണ് കെഎസ്‌യുവിന്റെ പ്രവർത്തനം. മുമ്പൊക്കെ നമ്മുടെ പ്രവർത്തനത്തെ നിരന്തരം അളക്കുന്ന കണ്ണുകൾ ഉണ്ടായിരുന്നു. അതാണ് ഇപ്പോൾ ഇല്ലാതായിരിക്കുന്നത്.

പൊതുവായ ഒരു ഗൈഡ് ലൈൻ കൊടുക്കാം എന്നല്ലാതെ എസ്എഫ്ഐയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാൻ സിപിഎമ്മിന് കഴിയില്ല. അങ്ങനെ ഇടപെടരുത് എന്ന് തന്നെയാണ് പാർട്ടിയുടെ നയം. എന്നാൽ എസ്എഫ്ഐ മോശമായി എന്ന അഭിപ്രായം എനിക്കില്ല. അനുനിമിഷം നടക്കുന്ന കാര്യങ്ങൾ പുറംലോകം അറിയാൻ സംവിധാനങ്ങളുണ്ട്. അതുകൊണ്ടുതന്നെ സ്വയം നിയന്ത്രണം എസ്എഫ്ഐ പാലിക്കേണ്ടത് പ്രധാനമാണ്. ലഹരി ഉപയോഗം വർദ്ധിക്കുന്നതും മറ്റൊരു കാരണമാണ്.

പക്ഷേ, അന്നത്തെ എസ്എഫ്ഐ എല്ലാം നല്ലത്, ഇന്നത്തെ എസ്എഫ്ഐയുടെ പ്രവർത്തനം മോശം എന്ന് പറയുന്നതിൽ കാര്യമില്ല. അന്നും പല ക്യാമ്പസുകളിൽ പലതും നടന്നിട്ടുണ്ടാകാം. അതൊന്നും അന്ന് പുറംലോകം അറിയണമെന്നില്ലല്ലോ? ”

നിരന്തരമായ അവഗണനയെ തുടർന്ന് ജില്ലാ കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കണമെന്ന് സുരേഷ് കുറുപ്പ് പാർട്ടിക്ക് കത്ത് നൽകിയിരുന്നു. തന്നെക്കാൾ വളരെ ജൂനിയറായവരെ പാർട്ടിയുടെ ഉപരിഘടകങ്ങളിൽ ഉൾപ്പെടുത്തിയതു ബുദ്ധിമുട്ട് ഉണ്ടാക്കിയെന്നും അതുകൊണ്ടാണ് കോട്ടയം ജില്ലാ കമ്മിറ്റിയിൽനിന്ന് ഒഴിവാക്കണമെന്ന് പാർട്ടിയോട് ആവശ്യപ്പെട്ടതെന്നുമായിരുന്നു കുറുപ്പിന്റെ വിശദീകരണം.

## ‘ഏറ്റവും വിഷമകരമായ തീരുമാനം നിങ്ങളെ അറിയിക്കുന്നു’; അമ്മയിലെ സുപ്രധാന പദവി ഒഴിയുകയാണെന്ന് ഉണ്ണി മുകുന്ദൻ




കൊച്ചി: താര സംഘടനയായ അമ്മയുടെ ട്രഷറർ സ്ഥാനത്ത് നിന്ന് രാജിവയ്ക്കുകയാണെന്ന് അറിയിച്ച് നടൻ ഉണ്ണി മുകുന്ദൻ. ഒരുപാട് ആലോചിച്ച ശേഷമാണ് ഇങ്ങനെ ഒരു വിഷമകരമായ തീരുമാനം എടുത്തതെന്നും ഉണ്ണി മുകുന്ദൻ സോഷ്യൽ മീഡിയയിൽ പങ്കുവച്ച കുറിപ്പിൽ അറിയിച്ചു. ഈ സ്ഥാനത്ത് ഇരിക്കുന്ന സമയം ഞാൻ ശരിക്കും ആസ്വദിച്ചു, അത് ആവേശകരമായ അനുഭവമാണ് എനിക്ക് സമ്മാനിച്ചതെന്ന് ഉണ്ണി പറഞ്ഞു. മാർക്കോയുടെ വിജയത്തിന് ശേഷമുണ്ടായ സിനിമ തിരക്കുകളെ തുടർന്നാണ് ഉണ്ണി ട്രഷറർ സ്ഥാനം രാജിവയ്ക്കുന്നത്.

‘കഴിഞ്ഞ കുറച്ച് മാസങ്ങളായി ജോലിത്തിരക്ക് വർദ്ധിക്കുകയാണ്. മാർക്കോയുടെയും മറ്റ് സിനിമ പ്രോജക്ടുകളുടെയും തിരക്കുകൾ എന്റെ മാനസികാരോഗ്യത്തെ സാരമായി ബാധിച്ചു. പ്രൊഫഷണൽ ജീവിതത്തിലെ സമ്മർദ്ദങ്ങൾ വലിയ തോതിൽ വർദ്ധിക്കുകയാണ്. ഈ സാഹചര്യത്തിൽ മറ്റു ഉത്തരവാദിത്തങ്ങൾ ബാലൻസ് ചെയ്തു കൊണ്ടുപോകാൻ സാധിക്കുന്നില്ല. എന്റെയും എന്റെ കുടുംബത്തിന്റെയും ക്ഷേമത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിൽ പിന്നോട്ട് പോകുന്നതായി ഇപ്പോൾ തിരിച്ചറിയുന്നു.

അമ്മയിലെ പദവി നിർവഹിക്കുന്നതിൽ ഞാൻ എല്ലായ്പ്പോഴും മികച്ച് നിന്നിട്ടുണ്ടെന്നാണ് വിശ്വാസം. എന്നാൽ വരാനിരിക്കുന്ന പുതിയ പ്രതിബദ്ധതകൾ കണക്കിലെടുത്ത് എനിക്ക് എന്റെ ചുമതലകൾ ഫലപ്രദമായി നിറവേറ്റാൻ കഴിയില്ലെന്ന് തിരിച്ചറിയുന്നു.ഇപ്പോൾ ഹൃദയവേദനയോടെയാണ് ഞാൻ രാജി സമർപ്പിക്കുന്നത്. രാജിവച്ച സ്ഥാനത്ത് പുതിയ അംഗത്തെ നിയമിക്കുന്നത് വരെ എന്റെ സേവനം ഞാൻ തുടരും. എന്റെ ഭരണകാലത്ത് എനിക്ക് ലഭിച്ച വിശ്വാസത്തിനും പിന്തുണയ്ക്കും ഞാൻ അങ്ങേയറ്റം നന്ദിയുള്ളവനാണ്, ഈ പദവിയിൽ ഉത്തരവാദിത്തങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്ന എന്റെ പിൻഗാമിക്ക് എല്ലാ വിജയങ്ങളും നേരുന്നു’– ഉണ്ണി മുകുന്ദൻ പറഞ്ഞു.

അതേസമയം, ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതിന് പിന്നാലെയുണ്ടായ വിവാദത്തിന് ശേഷം അമ്മയുടെ ഭരണസമിതി പിരിച്ചുവിട്ടിരുന്നു. ജനറൽ സെക്രട്ടറി സിദ്ദിഖിനെതിരെ ആരോപണം ഉയരുകയും കേസെടുക്കുകയും ചെയ്തതോടെയാണ് ഭരണസമിതി പിരിച്ചുവിട്ടത്. നിലവിൽ അഡ്ഹോക്ക് കമ്മിറ്റിക്കാണ് സംഘടനയുടെ ചുമതല. ഈ വർഷം ജൂൺ വരെ അഡ്ഹോക്ക് കമ്മിറ്റിക്ക് തുടരാൻ സാധിക്കും.

## ബോബിയെ ജയിലിൽ കാണാൻ 3 വിഐപികൾ എത്തി, സന്ദർശക രജിസ്റ്ററിൽ പേരില്ല

കൊച്ചി: ഹണി റോസിനെ അധിക്ഷേപിച്ച കേസിൽ അറസ്റ്റിലായി ജയിലിൽ കഴിയുന്ന ബോബി ചെമ്മണൂരിന് വി.ഐ.പി. പരിഗണനയെന്ന് സൂചന. ബോബി ചെമ്മണൂരിനെ മൂന്നു വി.ഐ.പികൾ ജയിലിൽ സന്ദർശിച്ചുവെന്നാണ് വിവരം. ഇവരുടെ പേരുകൾ സന്ദർശക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രഹസ്യാന്വേഷണവിഭാഗത്തിന്റെ റിപ്പോർട്ട് തിരുവനന്തപുരത്തെ ജയിൽ ആസ്ഥാനത്ത് ലഭിച്ചു.

സംഭവത്തിൽ ജയിൽ വകുപ്പ് അന്വേഷണം നടത്തിയേക്കും. സി.സി.ടി.വി. ദൃശ്യങ്ങൾ അടക്കം കേന്ദ്രീകരിച്ചായിരിക്കും അന്വേഷണം. ജയിലധികൃതരുടെ ഭാഗത്ത് ഗുരുതര വീഴ്ചയുണ്ടായെന്നാണ് ജയിൽ ആസ്ഥാനത്ത് ലഭിച്ച റിപ്പോർട്ട്. ബോബിക്ക് വി.ഐ.പി. പരിഗണന ലഭിച്ചതിന് പിന്നിൽ ഉന്നത ജയിൽ ഉദ്യോഗസ്ഥന്റെ ഇടപെടലുണ്ടെന്നും റിപ്പോർട്ടിലുണ്ടെന്നാണ് വിവരം.

ഹണി റോസിന്റെ പരാതിയിൽ എറണാകുളം സെൻട്രൽ പോലീസാണ് കേസെടുത്തത്. കേസ് അന്വേഷിക്കുന്ന പ്രത്യേകസംഘം വയനാട്ടിലെ ബോബിയുടെ എസ്റ്റേറ്റിൽനിന്ന് അദ്ദേഹത്തെ കസ്റ്റഡിയിലെടുക്കുകയായിരുന്നു.

## യുവതി വീടിനുള്ളിൽ മരിച്ചനിലയിൽ; മൃതദേഹം കണ്ടത് മക്കൾ; ഒപ്പംതാമസിച്ച ആളെ കാണാനില്ല

മംഗലാപുരം: കണിയാപുരം കരിച്ചാറയിൽ യുവതിയെ വീടിനുള്ളിൽ മരിച്ചനിലയിൽ കണ്ടെത്തി. കണ്ടൽ നിയാസ് മൻസിലിൽ ഷാനു (വിജി -33)വിനെയാണ് മരിച്ചനിലയിൽ കണ്ടെത്തിയത്. വീട്ടിലെ ഹാളിലെ നിലത്തുകിടക്കുന്ന നിലയിലായിരുന്നു മൃതദേഹം. ഇന്നലെ വൈകീട്ട് അഞ്ചരമണിയോടെ സ്കൂളിൽനിന്നെത്തിയ കുട്ടികളാണ് മൃതദേഹം കണ്ടത്. ഷാനുവിന്റെ ആദ്യഭർത്താവ് എട്ടുവർഷം മുൻപ് മരിച്ചു. കുറച്ചുനാളായി തമിഴ്നാട് സ്വദേശിയായ രങ്കനോടൊപ്പമാണ് താമസം.

ഹോട്ടൽ ജീവനക്കാരനായ രങ്കനെ സംഭവശേഷം കാണാതായി. തിങ്കളാഴ്ച രാവിലെ എട്ടരയ്ക്ക് ഷാനുവിന്റെ മക്കൾ സ്കൂളിലേക്കു പോകുമ്പോൾ ഇരുവരും വീട്ടിലുണ്ടായിരുന്നു. ആറ്റിങ്ങൽ ഡിവൈ.എസ്.പി. മഞ്ജുലാലിന്റെ നേതൃത്വത്തിൽ മംഗലപുരം പോലീസ് സംഭവസ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു. കൊലപാതകമെന്നാണ് പ്രാഥമിക നിഗമനം.

ഫൊറൻസിക്, വിരലടയാള വിദഗ്ധർ സ്ഥലത്തെത്തി തെളിവെടുത്താൽ മാത്രമേ സംഭവത്തിൽ വ്യക്തതയുണ്ടാകൂയെന്ന് പോലീസ് പറഞ്ഞു. ഒളിവിൽപ്പോയ രങ്കനുവേണ്ടി മംഗലപുരം പോലീസ് തിരച്ചിൽ ആരംഭിച്ചു.

## ഉന്നതവിദ്യാഭ്യാസ കോൺക്ലേവ്: ഡിജിറ്റൽ സർവകലാശാല വിസി പുറത്ത്; എസ് എഫ് ഐ പ്രസിഡന്റ് അടക്കം അകത്ത്



തിരു: ഉന്നതവിദ്യാഭ്യാസ കോൺക്ലേവിൽ പങ്കെടുക്കുന്നരുടെ പട്ടികയിൽനിന്ന് ഡിജിറ്റൽ സർവകലാശാലാ വൈസ് ചാൻസലർ ഡോ. സിസ തോമസിനെ സർക്കാർ ഒഴിവാക്കി. ഡിജിറ്റൽ സർവകലാശാലയിലെ മുൻ വി.സി.യും മറ്റു സർവകലാശാലകളിലെ മുൻ വി.സി.മാരും വിവിധ സെഷനുകളിൽ പങ്കെടുക്കുന്നുണ്ട്.

ഉന്നതവിദ്യാഭ്യാസമേഖലയെ അന്താരാഷ്ട്രതലത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന കോൺക്ലേവിലാണ് സർക്കാരിന്റെ ഈ രാഷ്ട്രീയവൈരം. വിദേശസർവകലാശാല പ്രതിനിധികൾ പങ്കെടുക്കുന്ന വിവിധ സെഷനുകളിൽ സർക്കാരിന്റെ താത്പര്യമനുസരിച്ച് നിയമിക്കപ്പെട്ട മുൻ വി.സി.മാർക്കു മാത്രമേ അർഹമായ പ്രാതിനിധ്യം നൽകിയിട്ടുള്ളൂ.

നിലവിലെ വി.സി.മാർക്ക് അപ്രധാനമായ സെഷനുകൾ മാത്രം നൽകിയതായാണ് ആക്ഷേപം. എം.ജി. വി.സി. സി.ടി. അരവിന്ദ് കുമാർ, മുൻ വി.സി.മാരായ ഡോ. സാബു തോമസ്, ഡോ. ഗോപിനാഥ് രവീന്ദ്രൻ, ഡോ. എം.വി. നാരായണൻ, ഡോ. പി.ജി. ശങ്കരൻ, ഡോ. ഗംഗൻ പ്രതാപ്, സജി ഗോപിനാഥ് എന്നിവർക്കുപുറമേ എസ്.എഫ്.ഐ. സംസ്ഥാന പ്രസിഡന്റ് കെ. അനുശ്രീയെവരെ ഉൾപ്പെടുത്തിയപ്പോഴാണ് സിസ തോമസിനോടുള്ള അവഗണന.

മുൻഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ ഉത്തരവനുസരിച്ച് സാങ്കേതികസർവകലാശാലയുടെ വി.സി. സ്ഥാനം സിസ തോമസ് ഏറ്റെടുത്തതു മുതലാണ് സർക്കാരിനും ഇടതുപക്ഷത്തിനും അവരോടുള്ള നീരസം തുടങ്ങുന്നത്. സർവീസിൽനിന്ന് വിരമിച്ചപ്പോൾ പെൻഷൻ ആനുകൂല്യവും സർക്കാർ തടഞ്ഞുവെച്ചു. ഡിജിറ്റൽ സർവകലാശാലയുടെ വി.സി.യായി അവരെ നിയമിച്ചതും ആരിഫ് മുഹമ്മദ് ഖാനായിരുന്നു.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



## കൊടുങ്ങല്ലൂർ ശ്രീ കുരുംബ ഭഗവതി ക്ഷേത്രം

# താലപ്പൊലി മഹോത്സവം

**2025 ജനുവരി 13 മുതൽ 17 കൂടി (1200 ധനു 29 മുതൽ മകരം 4 കൂടി)**



മകരക്കുളിരിലേയ്ക്ക് ആരവങ്ങളോടെ ഒരു താലപ്പൊലികൂടി ആഗതമായി. പരശുരാമ ശങ്കരാചാര്യ പ്രതിഷ്ഠിതങ്ങളായ ശ്രീചക്ര മഹാചൈതന്യം കുടികൊള്ളുന്ന കൊടുങ്ങല്ലൂർ ശ്രീകുരുംബക്കാവിലെ താലപ്പൊലിയുത്സവത്തിന് ഇന്നലെ (2025 ജനുവരി 13) ന് വൈകുന്നേരം 6 മണിക്ക് 1001 കതിനവെടി മുഴക്കത്തോടെ തുടക്കമായി. ആചാരപ്പെരുമയുടെ വശ്യഭംഗിയിൽ ഒമ്പത് ഗജവീരന്മാർ അണിനിരക്കുന്ന എഴുന്നള്ളിപ്പും താലമേന്തിയ സ്ത്രീകളുടെ വരവും, താളമേളങ്ങളും കൂടി ഇന്ന് (ജനുവരി 14) മുതൽ നാലുനാൾ കൊടുങ്ങല്ലൂർ ക്ഷേത്രവും പരിസരവും ആഘോഷത്തിമർപ്പിലാവും. കണ്ണിനും കാതിനും ഇമ്പമേകുന്ന കലാപരിപാടികളോടും ആകാശത്ത് വർണ്ണമഴ പെയ്യിക്കുന്ന കരിമരുന്ന് പ്രയോഗത്തോടും കൂടി കൊച്ചിൻ ദേവസ്വം ബോർഡും ക്ഷേത്ര ഉപദേശക സമിതിയും സംയുക്തമായി ഭക്തജനപങ്കാളിത്തത്തോടെ നടത്തപ്പെടുന്നു.

DIGI-MOM Digital Marketing & Academy
DigiMom Digital Academy
ജോലി ആണോ പ്രശ്നം
ഡിജിറ്റൽ മാർക്കറ്റിംഗ് പഠിക്കൂ
ജോലി ഉറപ്പ് !!.
9846478800, 9072410014
www.digimomacademy.com digimomacademy@gmail.com
Punillathu Building Opst. Girls Higher Secondary School Kodungallur, Thrissur, kerala



കൊടുങ്ങല്ലൂർ ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിലെ താലപ്പൊലിയോടനുബന്ധിച്ച് സ്വതന്ത്രമണ്ഡപം പുറത്തിറക്കുന്ന സപ്ലിമെന്റിലേക്ക് പരസ്യങ്ങൾ തന്ന് സഹകരിച്ച സ്ഥാപന ഉടമകൾക്ക് നന്ദി അറിയിക്കുന്നതോടൊപ്പം കൊടുങ്ങല്ലൂർ താലപ്പൊലി ആശംസകൾ നേരുന്നു.

സന്തോഷത്തോടെ,

**കുഞ്ഞുമുഹമ്മദ് കണ്ണാംകുളത്ത്**
സ്വതന്ത്രമണ്ഡപം ലേഖകൻ, കൊടുങ്ങല്ലൂർ
Ph: 96336 44 369


DOC INTERIORS
"INTERIOR DESIGN IS MAKING THE BEST POSSIBLE USE OF THE AVAILABLE SPACE"
KODUNGALLUR | THRISSUR | COCHIN
+91 8943807777, +91 8943837777, +91 8943847777
interiorsdoc@gmail.com
www.docinteriors.com DOC Interiors

കൃഷ്ണ ജ്വല്ലറി തെക്കേനട, കൊടുങ്ങല്ലൂർ, Ph: 6282350636

എല്ലാവിധ തുണിത്തരങ്ങളും മിതമായ വിലയിൽ വില്പന നടത്തുന്നു.
സാരി, ചുരിദാർ, മിഡിടോപ്പ്, ഫ്രോക്ക്, ജീൻസ്, പാന്റ്, ഷർട്ട്, ലേഡീസ് ടോപ്പ്, നൈറ്റി, ഷോട്ടോപ്പ്, കുട്ടികളുടെ തിരുപ്പൂർ കോട്ടൻ ടോപ്പ്, ബനിയൻ, ത്രീഫോർത്ത് മുതലായവ മിതമായ വിലയിൽ ലഭിക്കുന്നു
ന്യൂ മമ്മിഡാഡി കളക്ഷൻസ്
മാരാർ ബിൽഡിംഗ്, തെക്കേനട, കൊടുങ്ങല്ലൂർ
Ph : 9947466117, 0480 2810468

ഗുണമേന്മയുള്ള പ്ലാസ്റ്റിക്, സ്റ്റീൽ, അലുമിനിയം, ചവിട്ടി, പായ, ഗ്ലാസ്സ്, പ്രസന്റേഷൻ ഐറ്റംസ്, ടോയ്സ്, ഫാൻസി, തുണിത്തരങ്ങൾ, കർട്ടൺ, സാരി എന്നിവ മിതമായ നിരക്കിൽ ലഭിക്കുന്നു.
ജനനി ഗൃഹോപകരണമേള
പടിഞ്ഞാറെനട, കൊടുങ്ങല്ലൂർ
Ph: 8078355771, 9946135771

പവിഴം ജ്വല്ലറി
പണിക്കശ്ശേരി പവിഴം ടവർ
ബൈപാസ് ജംഗ്ഷൻ, ചന്തപ്പുര, കൊടുങ്ങല്ലൂർ
Ph : 0480 2806065





# ഉന്നതവിദ്യാഭ്യാസത്തിന്റെ അന്താരാഷ്ട്ര ഹബ്ബ് ആകുന്ന കേരളം

SHAPING KERALA'S FUTURE

Inauguration
@ 10.30 am
14th Jan 2025

TOWARDS A NEW EPISTEME
INTERNATIONAL CONCLAVE ON NEXT-GEN HIGHER EDUCATION

**International Conclave on Next-Gen Higher Education**

14 - 15 Jan 2025

വേദി : കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി

| ഉദ്ഘാടനം: | അധ്യക്ഷ: | സാന്നിദ്ധ്യം: | |
|---|---|---|---|
| **ശ്രീ. പിണറായി വിജയൻ**<br>ബഹു. മുഖ്യമന്ത്രി | **ഡോ. ആർ ബിന്ദു**<br>ബഹു. ഉന്നതവിദ്യാഭ്യാസം, സാമൂഹ്യനീതി വകുപ്പ് മന്ത്രി | **ശ്രീ. കെ. എൻ. ബാലഗോപാൽ**<br>ബഹു. ധനകാര്യവകുപ്പ് മന്ത്രി | **ശ്രീ. പി. രാജീവ്**<br>ബഹു. നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി |

മുഖ്യപ്രഭാഷണം: **പ്രൊഫ. ഫിലിപ്പ് ജി അൽബാഷ്** (ബോസ്റ്റൺ കോളേജ്, യുഎസ്എ)

Inspiring Keynote Address
Interactive Panel Discussions
Case study Presentations
Networking Opportunities

• പ്രൊഫ. ഡോൺ പാസി (ലാൻകാസ്റ്റർ സർവ്വകലാശാല) • സ്റ്റീഫൻ വിൻസെന്റ്-ലാൻക്രിൻ (ഒഇസിഡി പാരീസ്) • ഡോ. നീന ആർനോൾഡ് (ഗ്ലോബൽ ലീഡ് ടേർഷ്യറി എജുക്കേഷൻ, വേൾഡ് ബാങ്ക്) • ഡോ. ശ്രീറാം രാമകൃഷ്ണ (നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സിംഗപ്പൂർ) • ഡോ. സാബു പദ്മദാസ് (സൗത്താംപ്ടൺ സർവ്വകലാശാല) • ഡോ. സക്കറിയ മാത്യു (മിഷിഗൺ സർവ്വകലാശാല) • ഡോ. മഹ്മൂദ് കൂരിയ (എഡിൻബറ യൂണിവേഴ്സിറ്റി) • പ്രൊഫ. മോഹൻ ബി മേനോൻ (വവസാൻ ഓപ്പൺ യൂണിവേഴ്സിറ്റി, മലേഷ്യ) തുടങ്ങിയ വിദ്യാഭ്യാസ വിചക്ഷണർ, അധ്യാപകർ, വിദ്യാർത്ഥികൾ, ഗവേഷകർ, വ്യവസായ പ്രതിനിധികൾ, അന്താരാഷ്ട്ര പ്രതിനിധികൾ പങ്കെടുക്കും.

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ്

കേരള സംസ്ഥാന
ഉന്നതവിദ്യാഭ്യാസ കൗൺസിൽ